**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 594 04.02.2020-ലെ മറുപടിയ്ക്ക്

## സ്പോർട്സ് കൗൺസിൽ രൂപീകരിക്കാൻ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സമഗ്ര കായികവികസനം ലക്ഷ്യം വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട് |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത കൗൺസിലുകളുടെ ഘടന, പ്രവർത്തനം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2000 ലെ കേരള സ്പോർട്സ് ആക്ട് (2001-ലെ 2-ാം ആക്ട്) അദ്ധ്യായം 4 സെക്ഷൻ 15, 16, 17, 18, 19, 24, 25, 26,27, 28, 29 വ്യവസ്ഥ ചെയ്തിരിക്കും പ്രകാരം കോർപ്പറേഷൻ സ്പോർട്സ് കൗൺസിലുകൾ, മുനിസിപ്പൽ സ്പോർട്സ് കൗൺസിലുകൾ, ഗ്രാമ സ്പോർട്സ് കൗൺസിലുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>ഓരോ വിഭാഗത്തിലും എക്സ് ഒഫിഷ്യോ അംഗങ്ങൾ, നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ, തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ എന്നിവരും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ടാകും.<br>അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിക്കുള്ളിലുള്ള കായിക വികസനമാണ് ലക്ഷ്യമാക്കുന്നത്. |

| | | | |
|---|---|---|---|
| | | | കായിക ക്ലബ്ബുകൾക്കുള്ള രജിസ്ട്രേഷൻ, കായിക മത്സരങ്ങളുടെ നടത്തിപ്പ്, കായിക വികസന പദ്ധതികളുടെ നടപ്പാക്കൽ എന്നിവയാണ് പ്രധാന പ്രവർത്തനമേഖല. |

**സെക്ഷൻ ഓഫീസർ**